**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2495** **15-10-2024 - ൽ മറുപടിയ്ക്ക്**

**ടെക്സ്റ്റ് ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്പിന്നിംഗ് മില്ലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ടെക്സ്റ്റ് ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനും ആധുനികീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ടെക്സ്റ്റ്ഫെഡിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുജ്ജീവിപ്പിക്കൽ പദ്ധതിയ്ക്കായി 9.85 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 7 സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി 835 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 3 മില്ലുകൾക്കായി 269.80 ലക്ഷം രൂപയ്ക്ക് റിലീസ് അനുമതി നൽകിയിട്ടുമുണ്ട്. കൂടാതെ, സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണ (പ്രൊഡക്റ്റ് ഡവലപ്മെന്റ്) ത്തിനായി ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപയ്ക്കും റിലീസ് അനുമതി നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ തുടർച്ചയായ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പരുത്തിയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി, പരുത്തി അതിന്റെ വിളവെടുപ്പ് സീസണിൽ തന്നെ അധിക അളവിൽ (BULK PURCHASE) ന്യായമായ വിലയിൽ വാങ്ങുന്നതിനായി സർക്കാർ കോട്ടൺ ബോർഡ് രൂപീകരിച്ചു. കോട്ടൺ ബോർഡ് മുഖേന കോട്ടൺ വാങ്ങുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം 3 കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ, സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾക്ക് സീസൺ കാലത്ത് തന്നെ പരുത്തി വാങ്ങുന്നതിലേയ്ക്കായി വർക്കിംഗ് ക്യാപിറ്റൽ ഇനത്തിൽ എൻ.സി.ഡി.സി ധനസഹായത്തോടുകൂടി 70 കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകുകയും കോട്ടൺ വാങ്ങുന്നതിനു ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്പിന്നിംഗ് മില്ലുകളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കി | (ബി) | സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിൽപനയ്ക്കായി ഒരു |

| | | | |
|---|---|---|---|
| | നടപ്പിലാക്കാൻ ശ്രമിക്കുമോ; വിശദമാക്കാമോ? | | കോമൺ പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനായുള്ള ചർച്ച നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ